**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 206** **07-06-2021 - ൽ മറുപടിയ്ക്ക്**

**കാസർകോട് സർക്കാർ മെഡിക്കൽ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Smt Veena George**<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് സർക്കാർ മെഡിക്കൽ കോളേജിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഏത് ഏജൻസി ആണെന്ന് വ്യക്തമാക്കാമോ; | (എ) | കാസർകോട് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനത്തിനായി കിറ്റ്കോ എന്ന സ്ഥാപനത്തെയാണ് ഏജൻസിയായി നിയോഗിച്ചിട്ടുള്ളത്. |
| (ബി) | കാസർകോട് മെഡിക്കൽ കോളേജിന്റെ ആശുപത്രി കെട്ടിടനിർമ്മാണത്തിനും അനുബന്ധ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടേതാണ പദ്ധതിയെന്നും ആയതിന് ഭരണാനുമതി നൽകിയിരുന്നുവോ എന്നും വ്യക്തമാക്കാമോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്, കാസർകോട് വികസന പാക്കേജ് , നബാർഡ് ലോൺ എന്നിവ ഉപയോഗിച്ചാണ് കാസർകോട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ഭരണാനുമതി സംബന്ധിച്ചും വിവധ പദ്ധതികളിൽ അനുവദിച്ചിട്ടുള്ള തുകകൾ സംബന്ധിച്ചുമുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സർക്കാരിലേക്ക് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഈ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | കിഫ്ബിയിൽപ്പെടുത്തി നിർവഹിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്കുള്ള 193.16 കോടി രൂപയുടെ പ്രാഥമിക കൺസപ്റ്റ് നോട്ട് കിറ്റ്കോ സർക്കാരിന് സമർപ്പിച്ചിരുന്നു. ആരോഗ്യവകുപ്പിലെ ടെക്നിക്കൽ കമ്മറ്റി ഇതിൻ മേലുള്ള സൂക്ഷ്മ പരിശോധന പൂർത്തിയാക്കി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക നൽകിയിട്ടുണ്ട്. ഇതിൻമേൽ മെഡിക്കൽ വിദ്യാഭ്യാസഡയറക്ടറുടെ മേൽ പരിശോധന നടന്നു വരികയാണ്. |
| (ഡി) | കിഫ്ബി പദ്ധതിക്ക് എപ്പോൾ അംഗീകാരം നൽകുമെന്ന് അറിയിക്കുമോ; മെഡിക്കൽ കോളേജിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ഡി) | കിഫ്ബിയിൽപ്പെടുത്തി നിർവഹിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്കുള്ള 193.16 കോടി രൂപയുടെ പ്രാഥമിക കൺസപ്റ്റ് നോട്ട് കിറ്റ്കോ സർക്കാരിന് സമർപ്പിച്ചിരുന്നു. ആരോഗ്യവകുപ്പിലെ ടെക്നിക്കൽ കമ്മറ്റി ഇതിൻ മേലുള്ള സൂക്ഷ്മ പരിശോധന പൂർത്തിയാക്കി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക നൽകിയിട്ടുണ്ട്. ഇതിൻമേൽ മെഡിക്കൽ വിദ്യാഭ്യാസഡയറക്ടറുടെ മേൽ പരിശോധന നടന്നു വരികയാണ്. |
| (ഇ) | കാസർകോട് വികസന പാക്കേജിൽ നിന്നും | (ഇ) | 29.01 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായ |

| | | | |
|---|---|---|---|
| | ഹോസ്റ്റൽ/ക്വാർട്ടേഴ്സ് കെട്ടിടത്തിനായി ഭരണാനുമതി ലഭിച്ച 29 കോടി രൂപയുടെ പ്രവൃത്തിക്ക് ആരോഗ്യവകുപ്പിൽ നിന്ന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എപ്പോൾ ലഭ്യമാകും എന്ന് വ്യക്തമാക്കാമോ; | | ഗേൾസ് ഹോസ്റ്റൽ, ടീച്ചിംഗ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതിക്കുള്ള ശിപാർശ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള സമിതിയുടെ പരിഗണനയിലാണ്. |
| (എഫ്) | പ്രസ്തുത മെഡിക്കൽ കോളേജിനായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ നിയമനം പൂർത്തിയായത് എത്രയാണെന്നും വ്യക്തമാക്കാമോ? | (എഫ്) | കാസർഗോഡ് മെഡിക്കൽ കോളേജിൽ നാളിതുവരെ 273 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 50% നിയമനം നടത്തുവാനാണ് അനുമതിയുള്ളത്. നിലവിൽ 88 തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (ഉത്തരം ബി)

കാസറഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി വിശദമായ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ആയതു സംബന്ധിച്ച് താഴെ വിവരിക്കുന്നു.

**1.** സ.ഉ(സാധാ)നം.98/2012/H&FWD തീയതി 24.03.2012 പ്രകാരം കാസറഗോഡ് ജില്ലയിൽ ബദിയടുക്ക വില്ലേജിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചു.

**2.** ഒന്നാം ഘട്ടമായി കാമ്പസിനുള്ളിലെ റോഡുകളുടെ നിർമ്മാണവും കുഴൽക്കിണറിന്റെ നിർമ്മാണവും പൂർത്തിയായി. ഈ പ്രവൃത്തികൾക്കായി 100.64 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**3.** GO(Rt.)No.16/2014/plg തീയതി 08.01.2015 ഉത്തരവ് പ്രകാരം അക്കാദമിക് ബ്ലോക്കിന്റെ പ്രവൃത്തികൾക്കായി 25 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. അക്കാദമിക് ബ്ലോക്കിന്റെ സിവിൽ വർക്കുകൾ 95% പൂർത്തിയായിട്ടുണ്ട്. മേൽ പറഞ്ഞതു കൂടാതെ കാസറഗോഡ് മെഡിക്കൽ കോളേജിന്റെ വികസനത്തിനായി കാസറഗോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവർത്തികളാണ് നടന്നുവരുന്നത്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ഇലക്ട്രിഫിക്കേഷൻ ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം | 523.04 ലക്ഷം | 90%പൂർത്തിയായി |
| 2 | എലിവേറ്റർ സംവിധാനം | 80 ലക്ഷം | ടെൻഡർ പൂർത്തീകരിച്ചു |
| 3 | വെന്റിലേഷൻ സംവിധാനം | 23.7 ലക്ഷം | റീ-ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 4 | റസിഡൻഷ്യൽ സംവിധാനം ഗേൾസ് ഹോസ്റ്റൽ & ടീച്ചിംഗ് ക്വാർട്ടേഴ്സ് | 2901.47 ലക്ഷം | സാങ്കേതികാനുമതി ലഭ്യമായിട്ടില്ല |
| 5 | ജല വിതരണ സംവിധാനം | 800 ലക്ഷം | പ്രവൃത്തി ആരംഭിച്ചിട്ടില്ല |

**4.** <u>ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം</u>

GO(Rt.)No.2224/2017/H&FWD തിയതി 08/08/2017 പ്രകാരം ആശുപത്രി നിർമ്മാണത്തിനായി 95,08,75,877/- രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. നബാർഡ് ധനസഹായത്തോടെ പണിയുന്ന ആശുപത്രി കെട്ടിടത്തിനായുള്ള നബാർഡ് ലോൺ 58.18 കോടി രൂപയാണ്. നിലവിൽ 53% സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ആശുപത്രിയുടെ നിർമ്മാണത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കൂടി ഉൾപ്പെടുന്നു.

(എ) മെക്കാനിക്കൽ ജോലികൾ - KIIFB പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) അഗ്നി സുരക്ഷാ സംവിധാനം - GO(Rt.)No.1161/20/H&FWD തിയതി 24.06.20 പ്രകാരം 4,97,77,120/- രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. വർക്ക് ഓർഡർ കരാറുകാരന് നൽകിയിട്ടുണ്ട്.

(സി) ഇലക്ട്രിക്കൽ ജോലികൾ - ഭരണാനുമതി ലഭ്യമായിട്ടില്ല. കാസറഗോഡ് മെഡിക്കൽ കോളേജിൽ 11.കെവി, ഫീഡർ സ്ഥാപിക്കുന്നതിനും ആശുപത്രിയുടെ ഇലക്ട്രിക്കൽ ജോലികൾ പൂർത്തിയാക്കുന്നതിനുമായി 18,32,07,912/-

രൂപ കാസറഗോഡ് വികസന പാക്കേജിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി തേടി കാസറഗോഡ് ജില്ലാ കളക്ടർ സംസ്ഥാന ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് 12.11.2020 തീയതിയിൽ കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത ശുപാർശ നിലവിൽ സർക്കാറിന്റെ പരിഗണനയിലാണ്.

**5.** ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനത്തിനായി സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കി നൽകാൻ കൺസൽട്ടന്റായ കിറ്റ്കോയോട് ആവശ്യപ്പെട്ടിട്ടുണ്ട്.